പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **5405** **28.07. 2015-** ലെ മറുപടി

## ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) സംസ്ഥാനത്ത് ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | എ) തിരികെയെത്തിയ പ്രവാസി . മലയാളികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് നാട്ടിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 'നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്(NDPREM)' എന്ന പദ്ധതി രൂപീകരിച്ച് നടപ്പാക്കി വരുന്നു. |
| ബി)എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | ബി) തിരികെയെത്തിയ പ്രവാസി മലയാളികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് NDPREM പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഒറ്റയ്ക്കോ കൂട്ടായോ ചേർന്ന് രൂപീകരിക്കുന്ന കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. ഇവരെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ സഹായം നൽകുക, ഇവരുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുക എന്നതും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്. |

സി)ഇതിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

സി) NDPREM പദ്ധതിയുമായി സഹകരിക്കുന്നതിന് കാനറാ ബാങ്കും യൂണിയൻ ബാങ്കും നോർക്ക – റൂട്ട്സുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ആയതു പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്കു വിധേയമായി പരമാവധി പലിശ ഇളവു നൽകി വായ്പ നൽകിവരികയും ചെയ്യുന്നുണ്ട്.

നോർക്ക റൂട്ട്സിലേയും ബാങ്കുകളുടെ പ്രതിനിധികൾ/ഉദ്യോഗസ്ഥരടങ്ങിയ സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി അപേക്ഷകരുടെ രേഖകൾ പരിശോധിച്ച് ലോണിനായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും ഗുണഭോക്താക്കളുടെ സമീപത്തുള്ള ബാങ്കിലേക്ക് ശുപാർശ ചെയ്യുകയും ചെയ്യുന്നു. ബാങ്ക് നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത പ്രോജക്ടുകളുടെ 'ഫീസിബിലിറ്റി' പരിശോധിച്ച് ബാങ്ക് ലോൺ വിതരണം ചെയ്യുന്നു.

NDPREM പദ്ധതി നടത്തിപ്പിനായി 2015 -16 സാമ്പത്തിക വർഷത്തിൽ 8.75 കോടി രൂപ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ